**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1505** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എത്ര വില്ലേജുകളിൽ റീസർവേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അതിൽ എത്ര വില്ലേജുകളിലെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ പൂർണ്ണമാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള 909 വില്ലേജുകളിൽ 87 വില്ലേജുകളുടെ റീസർവ്വെ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പൂർണ്ണമായിട്ടുണ്ട്. |
| (ബി) | ഭൂരേഖകളുടെ ആധുനികവൽക്കരണം പൂർണമായും പൂർത്തിയാക്കാതെ റീ സർവ്വേ നടപടികൾ ഫലപ്രദമാകില്ല എന്നതിനാൽ ഇക്കാര്യത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് എല്ലാ വില്ലേജുകളും ഡിജിറ്റൽ രീതിയിൽ സർവ്വെ നിർവ്വഹിക്കുക എന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ റീസർവ്വെ നടന്ന വില്ലേജുകളിൽ ETS മെഷീൻ ഉപയോഗിച്ച് റീസർവ്വെ നടത്തിയ 87 വില്ലേജുകളിലും സർവ്വെ നടപടികൾ ആരംഭിച്ച 29 വില്ലേജുകളും ഒഴികെ ബാക്കി 1550 വില്ലേജുകളിലും, ആധുനിക സർവ്വെ ഉപകരണങ്ങളായ Global Positioning System (GPS), Electronic Total Station (ETS) എന്നിവ ഉപയോഗിച്ചുള്ള ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ടി ജോലികൾ കൂടുതൽ വേഗത്തിലും കൃത്യതയിലും നിർവ്വഹിക്കുന്നതിലേയ്ക്കായി Continuesly Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, വകുപ്പിലെ ഉദ്യോഗസ്ഥരുടെയും, Contract സർവ്വെയറുടെയും സേവനം വിനിയോഗിച്ചും Rebuild Kerala Initiative (RKI) ൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചും, സർവ്വെ ചെയ്യുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വെ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനും, ഭൂപരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ